പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1681 — 05.12.2014 ലെ മറുപടിയ്ക്ക്

മുട്ട, പഴം, പച്ചക്കറി, കോഴിയിറച്ചി എന്നിവയുടെ ഉപഭോഗം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 2013 – 2014 വർഷത്തിൽ സംസ്ഥാനത്ത് ആളോഹരി ആനുപാതം വെച്ച് സംസ്ഥാനത്തെ ജനങ്ങൾക്ക് ആവശ്യമായി വന്നതും, സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെട്ടതും, അന്യസംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും കൊണ്ടുവന്നതുമായ മുട്ട, പഴം, പച്ചക്കറി, കോഴിയിറച്ചി എന്നിവയുടെ കണക്ക് ഓരോന്നും ഇനം തിരിച്ച് വെളിപ്പെടുത്താമോ ? | (എ) ICMR – ന്റെ ശുപാർശകൾ പ്രകാരം ഒരു വ്യക്തിക്ക് ഒരു ദിവസം 200 ഗ്രാം പച്ചക്കറികളും 100 ഗ്രാം പഴവർഗ്ഗങ്ങളും ആവശ്യമാണ്.<br><br>ഈ ശുപാർശ പ്രകാരം കേരളത്തിലെ ജനസംഖ്യയ്ക്ക് ആനുപാതികമായി 2013-14- ൽ ആകെ 24.38 ലക്ഷം ടൺ പച്ചക്കറികൾ ആവശ്യമായി വന്നിട്ടുണ്ട്. ഇതിൽ 11.9 ലക്ഷം ടൺ പച്ചക്കറി കേരളത്തിൽ ഉല്പാദിപ്പിച്ചു. ബാക്കി ആവശ്യമായ 12.48 ലക്ഷം ടൺ പച്ചക്കറികൾ അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവന്നതായി കണക്കാക്കപ്പെടുന്നു.<br><br>പഴവർഗ്ഗങ്ങളുടെ കാര്യത്തിൽ 2013-14-ൽ ആകെ 12.19 ലക്ഷം ടൺ പഴങ്ങൾ ആവശ്യമായി വന്നിട്ടുണ്ട്. ചക്ക, പപ്പായ എന്നീ പഴവർഗ്ഗങ്ങൾ ഉൾപ്പെടെ ആകെ 24.82 ലക്ഷം ടൺ പഴവർഗ്ഗങ്ങൾ കേരളത്തിൽ ഉല്പാദിപ്പിക്കുന്നുണ്ട്. ഇതു കൂടാതെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും ശൈത്യമേഖലകളിൽ നിന്നും 5 ലക്ഷം ടൺ പഴവർഗ്ഗങ്ങളും കേരളത്തിൽ വിൽപ്പനയ്ക്കായി എത്തിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ